പരോൾ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം

92 [818] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, കെ. എ. ചന്ദ്രൻ:

,, കെ. മുഹമ്മദാലി:

,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ജയിൽ പുള്ളികൾക്ക് പരോൾ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമമെന്ത്;

(ബി) ഈ നടപടിക്രമം അനുസരിച്ചല്ലാതെ ആരുടെയെങ്കിലും പരോൾ ശുപാർശചെയ്തുകൊണ്ടുള്ള ഫയൽ 2005 സെപ്റ്റംബറിന് ശേഷം ഡി. ജി. പി. യ്ക്ക് കിട്ടിയിട്ടുണ്ടോ;

(സി) എങ്കിൽ ആരുടെയെല്ലാം പരോൾ ശുപാർശയാണ് ഇപ്രകാരം ഡി. ജി. പി.-യുടെ മുൻപിൽ എത്തിയത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ആവശ്യമായ എന്തെല്ലാം വിവരങ്ങൾ മറച്ചുവച്ചുകൊണ്ടോ വിവരങ്ങൾ നൽകാതെയോ ആണ് ഫയൽ ഡി.ജി.പി.യ്ക്ക് സമർപ്പിച്ചത് എന്ന് അറിയാമോ;

(ഇ) ഇപ്രകാരം ഫയൽ സമർപ്പിക്കാനുള്ള കാരണമെന്ത് എന്നും ഫയൽ സമർപ്പിച്ച അധികാരികളുടെ മേൽ എന്ത് നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം സെൻട്രൽ ജയിലിലെ ശിക്ഷാ നമ്പർ 6665 ചന്ദ്രൻ എന്ന മണിച്ചൻ എന്ന തടവുകാരന്റെ പരോൾ ശുപാർശ ലഭിച്ചിരുന്നു.

(ഡി) തടവുകാരനെ പരോളിൽ വിട്ടാൽ സ്ഥലവാസികളുടെയും കുറ്റകൃത്യത്തിന് ഇരയായവരുടെ ബന്ധുക്കളുടെയും പ്രതികരണമെന്തായിരിക്കുമെന്നും ഒളിവിൽ പോകാൻ സാധ്യതയുണ്ടോ എന്നും തടവുകാരന്റെയോ മറ്റുള്ളവരുടെയോ ജീവന് ഭീഷണിയുണ്ടോ എന്നും ടിയാന്റെ പൂർവ്വ ചരിത്രം തൃപ്തികരമാണോ എന്നുമുള്ള വിവരങ്ങൾ ഡി.ജി.പി.-യ്ക്ക് ലഭിച്ച ആദ്യ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നില്ല.

(ഇ) മേൽ വിവരങ്ങൾ ആരാഞ്ഞ് വസ്തുതാപരമായ റിപ്പോർട്ട് അയയ്ക്കുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിനോട് ജയിൽ ഡി.ജി.പി. ആവശ്യപ്പെട്ടത് പ്രകാരം നൽകിയ റിപ്പോർട്ട് ആവശ്യമായ വിവരങ്ങൾ വെളിപ്പെടുത്തിയതും പരോളിനുള്ള ശുപാർശ നിരസിച്ചുകൊണ്ടുള്ളതുമാകുന്നു.

† അനുബന്ധം V

GPM. 2/152/2013—14

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-V

[15-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 92 (818)-ന്റെ ഉത്തരം കാണുക].

സാധാരണ അവധി, അടിയന്തിരാവധി, ഹോം ലീവ് എന്നിങ്ങനെ മൂന്ന് വിധത്തിലുള്ള അവധികളാണ് തടവുകാർക്ക് നൽകിവരുന്നത്.

ഒരു വർഷവും അതിനുമേലും ശിക്ഷിക്കപ്പെട്ടിട്ടുള്ളവരും ശിക്ഷയുടെ മൂന്നിലൊന്നോ രണ്ട് വർഷമോ ഏതാണ് കുറവ് അത്രയും കാലം ശിക്ഷയനുഭവിച്ചിട്ടുള്ളവരുമായ സൽസ്വഭാവികളായ തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും ജില്ലാ പ്രൊബേഷൻ ഓഫീസറുടെയും അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 30 ദിവസംവരെയാണ് സാധാരണ അവധി അനുവദിക്കുന്നത്. ഒരിക്കൽ സാധാരണ അവധി കഴിഞ്ഞ് ജയിലിൽ പ്രവേശിച്ച തീയതി മുതൽ ആറുമാസം കഴിഞ്ഞാണ് അടുത്ത സാധാരണ അവധി അനുവദിക്കുന്നത്.

സ്ഥിരം കുറ്റവാളികൾ, ജയിൽ ഭേദനം, ജയിൽ ചാട്ടം, ജയിൽ ലഹള തുടങ്ങിയ ഗുരുതരമായ ജയിൽ അച്ചടക്കത്തിന് വിരുദ്ധമായ പ്രവർത്തികളിൽ ഏർപ്പെടുന്ന തടവുകാരും ഇൻഡ്യൻ ശിക്ഷാനിയമം 392 മുതൽ 402 വരെയുള്ള വകുപ്പുകൾപ്രകാരം ശിക്ഷിക്കപ്പെട്ടിട്ടുള്ളവരും പരോളിന് അർഹരല്ല. എന്നാൽ ജീവപര്യന്തം ശിക്ഷയോടൊപ്പം മേൽപ്പറഞ്ഞ പ്രകാരമുള്ള ശിക്ഷ കഴിഞ്ഞാൽ പരോളിന് അർഹത ഉണ്ടായിരിക്കും. മാനസിക രോഗികളായവരും പകർച്ചവ്യാധി പിടിപെട്ടിട്ടുള്ള തടവുകാർക്കും ജയിൽ മെഡിക്കൽ ഓഫീസറുടെ അഭിപ്രായത്തിനു വിധേയമായി മാത്രമേ പരോൾ അനുവദിക്കാറുള്ളൂ.

ഉറ്റ ബന്ധുക്കളും, അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ, മക്കൾ, ഭാര്യ, ഭർത്താവ്, മരുമക്കത്തായ കുടുംബങ്ങളിൽ അമ്മാവൻ, ഗുരുതരമായ രോഗാവസ്ഥയിലോ മരണത്തിലോ മക്കളുടെ വിവാഹത്തിനോ, പ്രകൃതിക്ഷോഭംമൂലം വീട് ഭാഗികമായോ, പൂർണ്ണമായോ നശിക്കുന്ന സാഹചര്യത്തിലോ അടിയന്തിരാവധി അനുവദിക്കാവുന്നതാണ്.

അടിയന്തിരാവധിക്കുള്ള അപേക്ഷയോടൊപ്പം അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളെ സംബന്ധിക്കുന്ന സ്ഥലം തഹസീൽദാരുടെയോ, മജിസ്ട്രേറ്റിന്റെയോ, ഒരു സീനിയർ മെഡിക്കൽ ഓഫീസറുടെയോ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

കള്ളക്കടത്ത് നിരോധന നിയമം, വിദേശ നാണയ വിനിമയ നിയന്ത്രണ നിയമം, ദേശ സുരക്ഷിക്കെതിരായ കുറ്റകൃത്യം എന്നിവപ്രകാരം ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാരും ഒരിക്കൽ പരോളിൽ പോയി ഒളിവിൽ കഴിയുകയും, പോലീസ് അറസ്റ്റ് ചെയ്ത് തിരികെ ജയിലിൽ പ്രവേശിപ്പിക്കുകയും ചെയ്ത തടവുകാരും പരോളിനർഹരല്ല. എന്നാൽ തടവുകാരന്റെ നിയന്ത്രണാതീതമായ കാരണങ്ങളാൽ കൃത്യസമയത്ത് ജയിലിൽ തിരികെ പ്രവേശിക്കാൻ സാധിക്കാതെ വരുന്നതും പ്രസ്തുത കാലയളവ് സർക്കാർ ക്രമീകരിച്ച് നൽകാത്ത സാഹചര്യത്തിൽ ടി തടവുകാരൻ ജയിലിൽ പ്രവേശിച്ച് ഒരു വർഷത്തിനുശേഷം പരോളിനുള്ള അപേക്ഷ പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിരാവധിക്കുള്ള അപേക്ഷ ബന്ധപ്പെട്ട സൂപ്രണ്ടിനും സാധാരണ അവധിക്കുള്ള അപേക്ഷ ജയിൽ ഇൻസ്പെക്ടർ ജനറലിനും സമർപ്പിക്കേണ്ടതാണ്.

തുറന്ന ജയിലിൽ ഒരു വർഷം ശിക്ഷ പൂർത്തിയാക്കിയ തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ആഫീസറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർഷത്തിൽ ഒരിക്കൽ 15 ദിവസമാണ് ഹോം ലീവ് അനുവദിച്ചുവരുന്നത്. ഹോം ലീവിൽ വിടുതൽ ചെയ്യുമ്പോൾ ഫാം നമ്പർ 144 പ്രകാരമുള്ള ബോണ്ടിൽ തടവുകാരനും അതുപോലെ തടവുകാരന്റെ ബന്ധുവോ സുഹൃത്തോ സൂപ്രണ്ട് മുൻപാകെ ഒപ്പിടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly